# 31. മ്യാൻമർ

മ്യാൻമർ (Myanmar) എന്ന രാജ്യത്തെപ്പററി ഒരു വർഷംമുമ്പ് ഈ പംക്തിയിൽ ഞാൻ എഴുതിയിരുന്നു. 'വീക്ഷണങ്ങളും വിമർശനങ്ങളും' എന്ന പുസ്തകത്തിൽ ഈ ലേഖനം ചേർത്തിട്ടുണ്ട്. (പേജ് 49–53). ആ ലേഖനം എഴുതുമ്പോൾ പക്ഷെ, ആ രാജ്യത്തിന്റെ പേര് 'ബർമ' എന്നായിരുന്നു. രാജ്യത്തിന്റെ പേര് 'മ്യാൻമർ' എന്നും തലസ്ഥാനമായ റംഗൂൺ നഗരത്തിന്റെ പേര് 'യാൻഗോൺ' (Yangon) എന്നും മാററിയത് അടുത്ത കാലത്താണ്.

ജനാധിപത്യത്തിനുവേണ്ടിയുള്ള ഒരു ബഹുജനപ്രസ്ഥാനത്തെ അടിച്ചമർത്തി പട്ടാളം ബർമയുടെ ഭരണം ഏറെറടുത്ത സന്ദർഭത്തിലായിരുന്നു, 1988 ഒക്ടോബറിൽ ആ ലേഖനം എഴുതിയത്. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ബർമയെ രണ്ടാം മഹായുദ്ധകാലത്ത് ജപ്പാൻസേന പിടിച്ചെടുത്തു. ജപ്പാൻകാരുടെ ഭാഗത്തുചേർന്ന് ബ്രിട്ടീഷ്പട്ടാളത്തോടു പൊരുതിയ ഓങ്സാൻ എന്ന യുവാവ് യുദ്ധത്തിന്റെ അന്തിമദിവസങ്ങളിൽ ജപ്പാൻ പട്ടാളത്തോടു പൊരുതി ബർമയെ മോചിപ്പിച്ചു. എന്നാൽ, ബർമയുടെ ദേശീയസ്വാതന്ത്ര്യത്തെ ഉറച്ച അസ്ഥിവാരത്തിൽ പ്രതിഷ്ഠിക്കാൻ സാധിക്കുംമുമ്പ്, 1947 ജൂലൈ 10–ാം തീയതി, രാഷ്ട്രീയപ്രതിയോഗികളാൽ ഓങ്സാൻ വധിക്കപ്പെട്ടു. 1948–ൽ നിലവിൽ വന്ന ബർമീസ് റിപ്പബ്ലിക്കിന്റെ പ്രസിഡണ്ടായിരുന്ന ഊനുവിനെ സ്ഥാനഭ്രഷ്ടനാക്കി പട്ടാളത്തലവനായ ജനറൽ നേവിൻ 1962 മാർച്ച് 2–ാം തീയതി ബർമയുടെ സർവാധിപതിയായി. ജനാധിപത്യത്തിനുവേണ്ടി നിലകൊണ്ട റംഗൂൺ സർവകലാശാലയിലെ ഒട്ടുവളരെ വിദ്യാർത്ഥികളെ 1962 മാർച്ച് 7–ാം തീയതി നേവിന്റെ പട്ടാളം വെടിവെച്ചു കൊന്നു. 1974–ൽ പട്ടാളഭരണം അവസാനിപ്പിച്ച് ഒരു പുതിയ ഭരണഘടന നേവിൻ നടപ്പിൽ വരുത്തി. ഈ ഭരണഘടനപ്രകാരം 'ബർമ സോഷ്യലിസ്റ്റ് പ്രോഗ്രാം പാർട്ടി' (ബി. എസ്. പി. പി.) എന്ന ഒരൊററ രാഷ്ട്രീയകക്ഷിക്കേ ബർമയിൽ പ്രവർത്തനാനുമതി ഉണ്ടായിരുന്നുള്ളു. ബി. എസ്. പി. പി. യുടെ അദ്ധ്യക്ഷനെന്ന നിലയിൽ ബർമയുടെ പ്രസിഡണ്ട് ആയിത്തീർന്ന നേവിന്റെ പട്ടാളപിന്തുണയോടെയുള്ള സ്വേച്ഛാഭരണം 1981വരെ തുടർന്നു. 1981–ൽ പ്രസിഡണ്ട്പദം ഒഴിഞ്ഞെങ്കിലും ബി. എസ്. പി. പി.യുടെ അദ്ധ്യക്ഷപദവി വിട്ടുകൊടുക്കാതിരുന്ന നേവിന്റെ കൈകളിൽത്തന്നെയായിരുന്നു 1988 വരെ, അധികാരം. നാണ്യപ്പെരുപ്പത്തിനു പരിഹാരമെന്ന നിലയിൽ കൂടുതൽ വിലയുള്ളതരം കറൻസിനോട്ടുകളെ വിലയില്ലാത്തവയായി പ്രഖ്യാപിച്ചതോടെ ഈ സ്വേച്ഛാഭരണത്തിനെതിരെ ഉഗ്രമായി ആളിക്കത്തിയ ബഹുജനരോഷത്തിന്റെ മുമ്പിൽ പിടിച്ചുനിൽക്കാൻ കഴിയാതെ, 1988 ജൂലൈയിൽ നേവിൻ ബി. എസ്. പി. പി.യുടെ അദ്ധ്യക്ഷസ്ഥാനം ഒഴിഞ്ഞു. നേവിനെ തുടർന്ന് അദ്ദേഹത്തിന്റെ കീഴിൽ 'ലഹളപ്പോലീസ്' മേധാവി ആയിരുന്ന ജനറൽ സൈൻല്വിൻ ബർമയുടെ ഭരണാധികാരിയായി. പക്ഷേ, പതിനെട്ടു ദിവസങ്ങൾക്കുശേഷം സൈൻല്വിനു തന്റെ സ്ഥാനം രാജിവെക്കേണ്ടിവന്നു. മൗങ് മൗങ് എന്ന ഒരു മുൻ ജഡ്ജിയാണു പിന്നീടു ഭരണച്ചുമതല ഏറെറടുത്തത്. ജനാധിപത്യത്തിനു കളമൊരുക്കുന്നതിനായി, ജനങ്ങളുടെ പിന്തുണയുള്ള ഒരു താൽക്കാലിക മന്ത്രിസഭ രൂപവത്കരിക്കണമെന്ന ജനങ്ങളുടെ ആവശ്യം മൗങ് മൗങ് അനുവദിക്കായ്കയാൽ ബർമയിൽ ബഹുജനപ്രക്ഷോഭം തുടർന്നു നടന്നു. ഈ സന്ദർഭത്തിൽ പട്ടാളം വീണ്ടും ഇടപെട്ടു. നേവിന്റെ കീഴിൽ പട്ടാളത്തിന്റെ ചീഫ് ഓഫ് സ്റ്റാഫ് ആയിരുന്ന ജനറൽ സോമൗങ് 1988 സെപ്തംബർ 18–ാം തീയതി 'നിയമസമാധാനസ്ഥാപനത്തിനുള്ള പട്ടാളത്തിന്റെ സ്റ്റേററ് കമ്മിററി' സ്ഥാപി

ച്ചതായി പ്രഖ്യാപിക്കുകയും രാജ്യത്തുടനീളം നിശാനിയമം നടപ്പിലാക്കുകയും ചെയ്തു. മന്ത്രിസഭയും പാർലമെൻറും പിരിച്ചുവിടപ്പെട്ടു. ജനാധിപത്യത്തിനു വേണ്ടിയുള്ള പ്രക്ഷോഭണം നിഷ്കരുണം അടിച്ചമർത്തപ്പെട്ടു. ഈ പ്രക്ഷോഭണത്തിൻെറ മുൻനിരയിലായിരുന്ന വിദ്യാർത്ഥികളിൽ വലിയ ഒരു വിഭാഗം അതിർത്തിപ്രദേശങ്ങളിലേക്കു് ഓടിപ്പോയി. പ്രക്ഷോഭകരിൽ മൂവായിരം പേരെങ്കിലും വധിക്കപ്പെട്ടു.

ബർമയിലെ 1988-ലെ ജനാധിപത്യപ്രക്ഷോഭണത്തിനു നേതൃത്വം നൽകിയതു് രാഷ്ട്രശില്പിയായ ഓങ്സാൻെറ പുത്രി ഓങ് സാൻ സൂ ക്യി (Aung San Suu Kyi) ആയിരുന്നു. 1947-ൽ 32-ാം വയസ്സിൽ ഓങ്സാൻ വധിക്കപ്പെട്ടപ്പോൾ സൂക്യിയ്ക്കു രണ്ടു വയസ്സേ ആയിരുന്നുള്ളു. ഇന്ത്യയിലും ബ്രിട്ടനിലുമായി വളർന്ന സൂക്യിക്കു് ഇപ്പോൾ നാല്പത്തിനാലു വയസ്സുണ്ടു്. ഭർത്താവും തിബത്തിനെസ്സംബന്ധിച്ചുള്ള വിഷയങ്ങളിൽ വിദഗ്ദ്ധനും ആയ മൈക്കേൽ ആരിസ്(Michel Aris) എന്ന ഇംഗ്ലീഷുകാരനോടും രണ്ടു പുത്രന്മാരോടും ഒപ്പം രാഷ്ട്രീയകാര്യങ്ങളിൽനിന്നു് അകന്നു് ബ്രിട്ടനിൽ സ്വകാര്യജീവിതം നയിക്കുകയായിരുന്ന സൂക്യിയെ ബർമയിൽ അധികമാരും അറിഞ്ഞിരുന്നതേയില്ല. രോഗാർത്തയായ അമ്മയെ ശുശ്രൂഷിക്കാൻ 1988 ഏപ്രിലിൽ സൂക്യി റംഗൂണിൽ തിരിച്ചെത്തി. (അമ്മ 1989 ജനുവരിയിൽ മരിച്ചു). താമസിയാതെ, നേവിൻെറ ഏകാധിപത്യത്തിനെതിരെ നടന്നുവന്ന ബഹുജന പ്രക്ഷോഭണത്തിൻെറ നേതൃത്വം സൂക്യി ഏറ്റെടുത്തു. പിതാവായ ഓങ്സാനോടുള്ള ആദരവും സ്നേഹവും ബർമക്കാർ പുത്രിയോടു പ്രദർശിപ്പിച്ചു. മൗങ്മൗങ് ബർമയുടെ പ്രസിഡണ്ടായിരിക്കെ, ജനപ്രാതിനിധ്യമുള്ള ഒരു താല്ക്കാലിക മന്ത്രിസഭ സ്ഥാപിക്കാൻ ആവശ്യപ്പെട്ടുകൊണ്ടു് റംഗൂണിലെ 'ഷ്വേഡഗോൺ പഗോഡ' എന്ന ബുദ്ധക്ഷേത്രത്തിനു മുമ്പിൽചേർന്ന ഒരു ലക്ഷം ജനങ്ങളെ അഭിസംബോധന ചെയ്തു് സൂക്യിചെയ്ത പ്രസംഗം ഒരു ചരിത്രരേഖയായി പരിഗണിക്കപ്പെടുന്നു. മുൻ പ്രസിഡണ്ട് ആയിരുന്ന വയോവൃദ്ധനായ ഊനു, പട്ടാളത്തിൽനിന്നു റിട്ടയർചെയ്ത ബ്രിഗേഡിയർ തിൻ ഊ, ജനറൽ ഔങ്ഗ്യി എന്നിവരോടു ചേർന്നു 'ജനാധിപത്യത്തിനുവേണ്ടിയുള്ള ദേശീയ സംഘടന' (നാഷനൽ ലീഗ് ഫോർ ഡെമോക്രസി-എൻ. എൽ. ഡി.) എന്ന ബഹുജനസംഘടന സൂക്യി സ്ഥാപിച്ചു. ഊനുവും ഔങ്ഗ്യിയും പിന്നീടു വിട്ടുപോയെങ്കിലും എൻ. എൽ. ഡി. ശക്തി പ്രാപിച്ചു. 1988 സെപ്റ്റംബറിൽ ഈ സംഘടന നിയമവിരുദ്ധമാണെന്നു് പട്ടാളം പ്രഖ്യാപിക്കുമ്പോൾ അതിൽ ഇരുപതു ലക്ഷം അംഗങ്ങളുണ്ടായിരുന്നു. സൂക്യിയുടെ ധീരതയും അന്തസ്സോടുകൂടിയ പെരുമാററവും അഴിമതിക്കറ പുരളാത്ത ജീവിതവും ബർമീസ് ജനതയുടെ അനിഷേധ്യനേതൃസ്ഥാനത്തിനു് ആ വനിതയെ അർഹയാക്കി.

ഇരുപത്തേഴു വർഷത്തെ പട്ടാള-സ്വേച്ഛാധിപത്യഭരണം ബർമയെ പരമദരിദ്രമാക്കിയിരിക്കുന്നു. വളരെയധികം അരി കയററിയയച്ചിരുന്ന ആ രാജ്യത്തു് ഇപ്പോൾ അരി ഒരു ദുർലഭ്യവസ്തുവാണു്. ഭരണകൂടം അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുന്നു. ജനാധിപത്യ സ്വാതന്ത്ര്യങ്ങൾ സ്വപ്നം കാണാൻപോലും ജനങ്ങൾക്കു സാദ്ധ്യമല്ലാതായിരിക്കുന്നു. വിദ്യാഭ്യാസമടക്കം എല്ലാ സേവനസംവിധാനങ്ങളും തകർന്നിരിക്കുന്നു. അതേസമയം, ഭരണം നടത്താൻ പട്ടാളത്തിനു മാത്രമേ കഴിയൂ എന്ന നില വന്നുചേർന്നിട്ടുമുണ്ടു്. രാജ്യത്തിൻെറ അഖണ്ഡതയുടെയും ഭദ്രതയുടെയും പേരിൽ പട്ടാളത്തെ അനുകൂലിക്കാനല്ലെങ്കിൽ സഹിക്കാൻ ജനത നിർബന്ധിതമായിരിക്കുന്നു.

ജനാധിപത്യഭരണം തക്കസമയത്തു പുനഃസ്ഥാപിക്കുമെന്നു പട്ടാളം പ്രഖ്യാപിച്ചിട്ടുണ്ടു്. പക്ഷേ, ആ 'തക്കസമയം' ഒരിക്കലും വന്നു ചേരാതിരിക്കാൻ പട്ടാളം ശ്രദ്ധിച്ചുവരുന്നു. എൻ. എൽ. ഡി.യെ നിഷ്പ്രഭമാക്കുന്നതിനായി ഇരുനൂററി മുപ്പതോളം രാഷ്ട്രീയപ്പാർട്ടികൾക്കു പട്ടാളം പ്രവർത്തനാനുമതി നല്കിയിരിക്കുന്നു. ഇവയിൽ പലതും പട്ടാളം മുൻകൈയെടുത്തു സ്ഥാപിച്ചവയാണു്.

എൻ. എൽ. ഡി. യുടെ രണ്ടായിരത്തോളം പ്രവർത്തകർ ഇപ്പോൾ ജയിലിലാണ്. ആ പാർട്ടിയുടെ നേതാവായ സൂകിയിയെ 1989 ജൂലൈ 20-ാം തീയതി പട്ടാളം വീട്ടുതടങ്കലിലാക്കി. ഇതിനെ തുടർന്ന് സൂകി നീണ്ടുനിന്ന ഒരു നിരാഹാരസമരം നടത്തുകയുണ്ടായി. രാജ്യം പട്ടാളനിയമത്തിൻകീഴിലാണ്. പൊതുസ്ഥലങ്ങളിൽ അഞ്ചിലധികവും മുറികൾക്കകത്ത് അമ്പതിലധികവും ആളുകൾ ഒന്നിച്ചുചേരുന്നതു നിരോധിക്കപ്പെട്ടിരിക്കുന്നു. 1990 മെയ്മാസത്തിൽ പൊതുതിരഞ്ഞെടുപ്പു നടത്താമെന്ന പട്ടാളത്തിന്റെ വാഗ്ദാനം പാലിക്കപ്പെടുമെന്ന് ആരും വിശ്വസിക്കുന്നില്ല.

സൂകിയുടെ ജനസമ്മതി നശിപ്പിക്കുന്നതിനായി 1988 ഡിസംബറിൽ ഹീനമായ ഒരു അപവാദപ്രചാരണം പട്ടാളം സംഘടിപ്പിക്കുകയുണ്ടായി. ആ സ്ത്രീ ദുർന്നടപ്പുകാരിയാണെന്നും അവർക്കു പല ഭർത്താക്കന്മാരുണ്ടെന്നും പ്രഖ്യാപിക്കുന്ന ആഭാസങ്ങളായ ചുമർപ്പരസ്യങ്ങളും ലഘുലേഖകളും നാടുനീളെ വിതരണംചെയ്യപ്പെട്ടു. പക്ഷേ, സൂകിയെപ്പററിയുള്ള മതിപ്പു വർദ്ധിപ്പിക്കാനേ ഈ ദുഷ്പ്രചാരണം ഉതകിയുള്ളു.

എഴുപതെട്ടു വയസ്സായ നേവിൻതന്നെയാണ്, ജനറൽ സോമൗങ്ങിന്റെ മറവിൽ ഇപ്പോഴും ബർമയുടെ ഭാഗധേയം നിയന്ത്രിക്കുന്നത്. തന്റെ ബന്ധത്തിൽപ്പെട്ട ബ്രിഗേഡിയർ ജനറൽ ഖിൻ ന്യൂണ്ട് എന്ന പട്ടാളക്കാരനെ തന്റെ പിൻഗാമിയായി നേവിൻ വളർത്തിക്കൊണ്ടുവരുന്നുണ്ട്. നേവിനെതിരെ 1989 ജൂലൈയിൽ തുറന്ന പ്രചാരവേല നടത്താൻ തുടങ്ങിയതാണ് സൂകിയെ വീട്ടുതടങ്കലിലാക്കാനുള്ള താല്ക്കാലിക കാരണം.

ബർമയിൽനിന്ന് സാധാരണഗതിയിൽ വാർത്തകളൊന്നും വെളിയിൽ വരാറില്ല. ഇനിയും നെടുനാളത്തെ പട്ടാളവാഴ്ച്ചയ്ക്ക് ആ രാജ്യം ശിക്ഷിക്കപ്പെട്ടിരിക്കുകയാണെന്നു പരക്കെ വിശ്വസിക്കപ്പെടുന്നു. വൻശക്തികൾ ബർമയുടെ കാര്യത്തിൽ വളരെയൊന്നും ഇടപെടുന്നില്ല. രാജ്യത്തിന്റെ അഖണ്ഡതയെ മുൻനിർത്തിയെങ്കിലും ബർമയിലെ പട്ടാളവാഴ്ചയെ ജനങ്ങൾ അനുകൂലിക്കണമെന്നതായിരുന്നു കഴിഞ്ഞ ആണ്ടിൽ സോവിയററ് യൂനിയന്റെ നിലപാട്. പട്ടാളഭരണത്തിൽനിന്ന് ഓടി രക്ഷപ്പെട്ട ഏതാനും വിദ്യാർത്ഥികൾ ഇന്ത്യയിലുണ്ട്. അമേരിക്കയോ യൂറോപ്യൻ രാജ്യങ്ങളോ അഭയാർത്ഥികളായ വിദ്യാർത്ഥികളെ സഹായിക്കാൻ അന്നു മുന്നോട്ടുവരികയുണ്ടായില്ല. ചൈനയ്ക്കും ബർമയുടെ കാര്യത്തിൽ എന്തെങ്കിലും താല്പര്യമുള്ളതായി കാണുന്നില്ല.

ബർമയുടെ മദ്ധ്യഭാഗത്ത്, ഇരാവതി നദിയുടെ തീരത്തുള്ള സമതലപ്രദേശങ്ങളിൽ മാത്രമേ ഏതെങ്കിലും തരത്തിലുള്ള ഭരണമുള്ളു. അതിർത്തിപ്രദേശങ്ങളിലെ പർവതങ്ങളിലുള്ള കാചിൻ, ഷാൻ, കാരേൻ, മോൺ മുതലായ പത്തോളം ഗോത്രവർഗക്കാർ ഏറെക്കുറെ സ്വതന്ത്രരാണ്. ബർമയിലെ കേന്ദ്രഗവണ്മെൻറുമായി നിരന്തരം സായുധ സംഘട്ടനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ് ഇവർ.

ഈ ഗോത്രവർഗക്കാരോടു ചേർന്ന് റംഗൂണിലെ പട്ടാളഭരണത്തിനെതിരെ ഒളിപ്പോരു നടത്താമെന്ന വ്യാമോഹത്തോടെ ഏഴായിരത്തഞ്ഞൂറോളം ബർമീസ് യുവജനങ്ങൾ കഴിഞ്ഞ ആണ്ടിൽ അതിർത്തിപ്രദേശങ്ങളിലേക്കു പലായനം ചെയ്യുകയുണ്ടായി. ഇവരിൽ രണ്ടായിരത്തോളം ആളുകൾ മാത്രമേ ഇപ്പോൾ അതിർത്തിപ്രദേശങ്ങളിലുള്ളു എന്നാണു വിശ്വസിക്കപ്പെടുന്നത്. ബാക്കിയുള്ളവർ തിരിച്ചുപോവുകയോ ചത്തൊടുങ്ങുകയോ ചെയ്തിരിക്കാം. അതിർത്തിയിൽ എത്തിപ്പെട്ടവരിൽ എൺപതു ശതമാനം പേർക്കും മലമ്പനി പിടിപെടുകയുണ്ടായി. കാരേൻ ഗോത്രവർഗക്കാർക്കെതിരെ ബർമീസ്പട്ടാളം 1988 ഡിസംബറിൽ നടത്തിയ ആക്രമണങ്ങളെത്തുടർന്ന് അതിർത്തിയിലുള്ള അഞ്ചു ക്യാമ്പുക

ളിൽനിന്ന് ബർമീസ് വിദ്യാർത്ഥികൾക്ക് ഒഴിഞ്ഞുപോകേണ്ടിവന്നു. ആയുധമോ ഔഷധങ്ങളോ ഭക്ഷണംപോലുമോ ഇല്ലാതെ കാരേൻ, മോൺ എന്നീ ഗോത്രവർഗക്കാരുടെ പ്രദേശങ്ങളിൽ ജീവിക്കുന്ന ബർമീസ് വിദ്യാർത്ഥികളുടെ ദാരുണാനുഭവങ്ങൾ 1989 ആഗസ്റ്റ് 5_18—ലെ 'ഫ്രണ്ട് ലൈൻ' പാക്ഷികം വിവരിക്കുന്നുണ്ട്.

18 ആഗസ്റ്റ്, 1989

# 32. യൂറോപ്പ് തിരിച്ചുവരുമോ?

ലോകചരിത്രത്തിൽ യൂറോപ്പിനുണ്ടായിരുന്ന മേധാവിത്തം രണ്ടാം മഹായുദ്ധത്തോടെ അവസാനിച്ചു. യൂറോപ്പിന്റേതായിരുന്ന നായകസ്ഥാനം അമേരിക്ക ഏറ്റെടുക്കുകയുംചെയ്തു. ലോകത്തിലെ ഏററവും വലിയ ഏക—സാമ്പത്തിക—ശക്തി അമേരിക്കയായി. അതോടെ ഏററവും വലിയ രാഷ്ട്രീയശക്തി എന്ന നിലയും അമേരിക്കയ്ക്കു കൈവന്നു. അമേരിക്കയുടെ ഹിതം മററു രാഷ്ട്രങ്ങൾ അനുവർത്തിക്കുക എന്നതായി സ്ഥിതി.

തങ്ങളുടെ നഷ്ടപ്പെട്ട ലോകമേധാവിത്തം തിരിച്ചുപിടിക്കാൻ യൂറോപ്യൻ രാഷ്ട്രങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഒററയ്ക്കൊററയ്ക്ക് തങ്ങൾക്ക് ഇതു സാധ്യമല്ലെന്ന് ഈ രാഷ്ട്രങ്ങൾക്കറിയാം. അതിനാൽ അവ സംഘടിച്ച്, 'യൂറോപ്യൻ കമ്യൂണിററി' എന്ന പേരിൽ ഒരൊററ രാഷ്ട്രീയഘടകമായിത്തീരാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. പടിഞ്ഞാറെ ജർമനി, ഫ്രാൻസ്, ഇററലി, ഗ്രേററ് ബ്രിട്ടൻ, സ്പെയിൻ, ഹോളണ്ട്, ബെൽജിയം, ഡെന്മാർക്ക്, ഗ്രീസ്, ഐർലാൻഡ്, പോർത്തുഗൽ, ലക്സംബർഗ് എന്നീ പന്ത്രണ്ടു രാഷ്ട്രങ്ങളാണ് ഇങ്ങനെ ഏകീകരണത്തിനു ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ചുങ്കമില്ലാതെ ഒരു രാഷ്ട്രത്തിന്റെ ഉല്പന്നങ്ങൾ മററു രാഷ്ട്രങ്ങളിൽ വിൽക്കാൻ കഴിയുമാറ് ഒരേ ഒരു വിപണിയായിത്തീരുക, ഇതിനു സഹായിക്കുംവിധം ഒരൊററ കറൻസി (നാണയവ്യവസ്ഥിതി) ഏർപ്പെടുത്തുക, പൊതു പാസ്പോർട്ട് വ്യവസ്ഥ നടപ്പിലാക്കി ജനങ്ങൾക്ക് ഒരു രാഷ്ട്രത്തിൽനിന്നു മറെറാന്നിൽ പോകുന്നതിനുള്ള പ്രതിബന്ധങ്ങൾ നീക്കംചെയ്യുക, ടെലിവിഷനും റേഡിയോവുംപോലെയുള്ള മാധ്യമങ്ങളിലൂടെ ഒരേ പരിപാടികൾ പ്രക്ഷേപണംചെയ്ത് ജനങ്ങൾക്കിടയിൽ ഒരു പൊതുസംസ്കാരവും പൊതുവീക്ഷണഗതിയും വളർത്തുക, രാജ്യരക്ഷയ്ക്ക് സംയുക്തമായ ഏർപ്പാടുകൾ ഉണ്ടാക്കുക മുതലായവയാണ് ഏകീകരണത്തിനായി ഈ രാഷ്ട്രങ്ങൾ കൈക്കൊണ്ടുപോരുന്ന ഉപാധികൾ. നാമമാത്രമായ അധികാരത്തോടെയാണെങ്കിലും ഒരു യൂറോപ്യൻ പാർലമെൻറും ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. ഈ നടപടികളുടെ ഫലമായി 1992—ാമാണ്ട് ആവുമ്പോഴേക്കും പടിഞ്ഞാറെ യൂറോപ്പ് ഏറെക്കുറെ അമേരിക്കൻ ഐക്യനാടുകളുടെയും സോവിയററ്യൂണിയന്റെയും മാതൃകയിൽ ഒരൊററ രാഷ്ട്രീയഘടകമായിത്തീരുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഇന്ത്യയും സോവിയററ്യൂണിയനുംപോലെയുള്ള രാഷ്ട്രങ്ങളിൽ പ്രാദേശിക—ദേശീയതകൾ ശക്തിയാർജിച്ചുവരുമ്പോൾ, ഇതിനു നേരെ വിപരീതമായി യൂറോപ്പിൽ വ്യത്യസ്ത—പ്രാദേശിക—ദേശീയതകൾ ഉരുകിച്ചേർന്ന് ഒരു വലിയ യൂറോപ്യൻ ദേശീയത ഉരുത്തിരിഞ്ഞു വരുന്നത് നാം കാണുന്നു.

യൂറോപ്യൻ കമ്യൂണിററിയിൽപ്പെട്ട രാഷ്ട്രങ്ങളിലെല്ലാംകൂടി ഇപ്പോൾ മുപ്പത്തിരണ്ടര കോടിയോളം ജനങ്ങളുണ്ട് (അമേരിക്കൻ ഐക്യനാടുകളിലെ ജനസംഖ്യ ഇരുപത്തിനാലു കോടി മുപ്പതു ലക്ഷം). 1987—ൽ യൂറോപ്യൻ കമ്യൂണിററിക്കകത്തെ ജനങ്ങളുടെ മൊത്തം സാമ്പത്തിക—ഉല്പാദനം (ജി. ഡി. പി.)